MR. ALBERT LOPEZ : ഇതിൽനിന്നും ഗവണ്മെൻറിന എന്തെങ്കിലും ആദായമുണ്ടായിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്. ഫൈൻ-ൽ മാത്രമേ മിൻ പിടിച്ചാ ശരിക്കു നടത്തുവാൻ സാധിച്ചിട്ടുള്ളൂ. ഫ ൪ ൦ ൦ ൦ റാത്തൽ മിൻ നമുക്കു ഫൈൻ-ൽ ലഭിച്ചിട്ടുണ്ട്. ൫൦൦൦ രൂപയും കിട്ടി.

MR. K. A. MATHEW : ഷാർക്ക് ലിവർ ആയിൽ ഉണ്ടാക്കുവിൽക്കുന്നതു് ഈ ഡിപ്പാർട്ടുമെൻറാണോ.

HON'BLE MR. K. M. KORAH : അതേ.

MR. K. A. MATHEW : ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഗവണ്മെൻറിലേക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : കിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷിക്കാം.

MR. K. A. MATHEW : ഇതിലേക്ക് എത്രരൂപ വ്യയം ചെയ്തിട്ടുണ്ടെന്നു പറയാമോ.

HON'BLE MR. K. M. KORAH : അതു് ഈ ചോദ്യത്തിൻെറ പരിധിയിൽപ്പെട്ടിട്ടുള്ളതല്ല. അതുകൊണ്ടു നോട്ടീസ് വേണം.

MR. K. A. MOHAMMED : ഈ മത്സ്യം പിടിക്കുന്നതു ആരാണ്?

HON'BLE MR. K. M. KORAH : അതിന് കുറെ ആളുകളെ ആക്കിയിട്ടുണ്ട്.

WRITTEN ANSWERS.

വെസ്റ്റ്കോസ്റ്റ് ഫിഷറീസ്.

356. MR. ALBERT LOPEZ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) വെസ്റ്റ്കോസ്റ്റ് ഫിഷറീസിലേക്ക് തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും എത്രലക്ഷം രൂപയുടെ ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) അതിൽനിന്നും ഗവണ്മെൻറിലേക്ക് ആണ്ടുതോറും കിട്ടീട്ടുള്ള ആദായം എത്രയെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവണ്മെൻറിൽനിന്നും വെസ്റ്റ് കോസ്റ്റ് ഫിഷറീസിൻെറ പ്രവർത്തനസാദ്ധ്യതകളെപ്പററി വിദഗ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതുടെ?

(ഇ) ആ അഭിപ്രായം അനുസരിച്ച് ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ടോ?

HON'BLE Mr. T. M. VARGHESE : (എ) അങ്ങുലക്ഷം രൂപ.

(ബി) ലാഭം ഉണ്ടാകുന്നതുക അവസ്ഥയിൽ ഇതേവരെ എത്തിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഡാക്ടർ സി. സി. ജാൺ, പ്രൊഫസർ ഓഫ് മറയിൻ ബയോളജി അണ്ടർ ഫിഷറീസ്.

(ഇ) മീൻ പിടിത്തത്തിനുള്ള ഒരുക്കങ്ങൾ താമസിയാതെ പൂർത്തിയാകുന്നതാണ്.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകൾ.

357. MR. RAPHAEL J RODRIGUEZ, (*Quilon IV—Latin Catholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനെപ്പററി ഗവണ്മെൻറിന് അദ്ധ്യാപകസംഘടനകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) മേൽ പറഞ്ഞ അവശതകൾ നീക്കുന്നതിന് എത്ര കാലം വേണ്ടിവരും?

HON'BLE Mr. T. M. VARGHESE (a) Yes

(b) A Committee have gone into the whole question and submitted their report to Government

(c) The report of the committee is under consideration

LIBRARY ARCHIVES Kerala Legislative Assembly